DESPATCHED
On.03/01/22.

24/12/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP.No.728(4)/2021/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.16081/SIC-Gen 2/2021**
**സന്നിഹിതൻ**

**ശ്രീ.**കെ.വി. സുധാകരൻ, സംസ്ഥാന **വിവരാവകാശ കമ്മീഷണർ**

തീയതി 24.12.2021.

| | |
|---|---|
| Sri. Karthik Prasad,<br>Nandanam, SI Highland Garden Villas,<br>Palachuvadu Junction, Padamughal,<br>Kakkanad, Kerala- 682 030. | പരാതി ഹർജിക്കാരൻ |

**Vs**

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ഡെപ്യൂട്ടി മാനേജർ,<br>സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്,<br>സിൽക്ക് നഗർ, അത്താണി പി.ഒ,<br>തൃശ്ശൂർ- *680 581.* | എതിർകക്ഷി |

**ഉത്തരവ്**

പരാതി ഹർജിക്കാരൻ 01.11.2021 ൽ എതിർകക്ഷിക്ക് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നിഷേധിച്ചത് സംബന്ധിച്ച് നടപടിയെടുക്കണമെന്നാവശ്യപ്പെട്ടാണ് ടിയാൻ 07.12.2021 ൽ കമ്മീഷന് പരാതി ഹർജി നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 23.12.2021 ൽ ഓഡിയോ ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

3. എതിർകക്ഷിയുടെ ഓഫീസായ തൃശ്ശൂർ അത്താണിയിലെ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ചില ടെൻഡറുകളുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നതെന്ന് ടിയാൻ ഹിയറിംഗിൽ പറഞ്ഞു. എന്നാൽ ഈ ടെൻഡറുകൾ റദ്ദാക്കി എന്നുപറഞ്ഞ് വിവരങ്ങൾ നൽകാതിരിക്കുകയാണ് ചെയ്തതെന്നും ടിയാൻ പറഞ്ഞു.

4. ടെൻഡർ റദ്ദാക്കിയതുകൊണ്ടാണ് അവ സംബന്ധിച്ച വിവരങ്ങൾ നൽകാതിരുന്നതെന്ന് എതിർകക്ഷി പറഞ്ഞു. എന്നാൽ ടെൻഡർ സാങ്കേതികമായി റദ്ദാക്കിയെങ്കിലും, അതു സംബന്ധിച്ച വിവരങ്ങൾ എതിർകക്ഷിയുടെ ഓഫീസിലുള്ള സ്ഥിതിക്ക് അവ നൽകേണ്ടതാണെന്ന കമ്മീഷന്റെ നിർദ്ദേശം അംഗീകരിക്കുന്നുവെന്നും, പരാതി ഹർജിക്കാരൻ ഇതേ വിഷയത്തിൽ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളതുകൊണ്ട് അതിന്മേൽ ഒരാഴ്ചയ്ക്കകം വിവരം സൗജന്യമായി നൽകുന്നതാണ് എന്ന എതിർകക്ഷിയുടെ ഉറപ്പ് കമ്മീഷൻ രേഖപ്പെടുത്തുന്നു. പരാതി ഹർജിക്കാരനും ഇത് അംഗീകരിച്ച സ്ഥിതിക്ക് എതിർകക്ഷിയുടെ പേരിൽ ശിക്ഷാനടപടി ഒഴിവാക്കിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേദിവസം 23.12.2021 ന് തീർപ്പാക്കുന്നു.

**(ഒപ്പ്)**

**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

**re**